**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 67**

**04.02.2013-ലെ മറുപടിക്ക്.**

## കുടുംബകോടതികളിലെ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബകോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ഉണ്ട്. |
| (ബി) തീർപ്പുകൽപ്പിക്കാൻ ബാക്കി എത്ര കേസുകൾ കുടുംബകോടതികളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | : (ബി) 31.12.2012 വരെ 48,314 കേസുകൾ സംസ്ഥാനത്തെ കുടുംബകോടതികളിൽ തീർപ്പ് കൽപ്പിക്കപ്പെടേണ്ടതായുണ്ട്. |
| (സി) കേസുകളിൽ വേഗം തീർപ്പുകൽപ്പിക്കുന്നതിനായി കൂടുതൽ കോടതികളോ ഫാസ്റ്റ് ട്രാക്ക് സംവിധാനമോ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | : (സി) സർക്കാർ ഉത്തരവ് (എം.എസ്.) 316/12/ആഭ്യന്തരം തീയതി 13.12.2012 പ്രകാരം സംസ്ഥാനത്ത് ചവറ, ആറ്റിങ്ങൽ, ഒറ്റപ്പാലം, തിരൂർ, മാവേലിക്കര, പത്തനംതിട്ട, പാലാ, കട്ടപ്പന എന്നിവിടങ്ങളിലായി എട്ട് അധിക കുടുംബകോടതികൾ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിൽ ആറ്റിങ്ങൽ കുടുംബകോടതി 18.01.2013-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ശേഷിച്ച 7 കോടതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ബഹു.ഹൈക്കോടതി കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ